ഉത്തരം

(എ) അപേക്ഷ ലഭിച്ച സ്കൂളുകളെല്ലാം തന്നെ ബന്ധപ്പെട്ട പരിശോധനാ കമ്മിറ്റി പരിശോധന നടത്തുന്നതാണ്.

(ബി) 1999-2000 അദ്ധ്യയനവർഷം പുതിയ പ്ളസ് ടൂ സ്കൂളുകൾ ഒന്നും അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നതുകൊണ്ട് ഒരു സ്കൂളിന്റെ അപേക്ഷയും പരിഗണിച്ചിരുന്നില്ല.

(സി&ഡി) പരിശോധിക്കുന്നതാണ്.

പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്ന സ്കൂളുകളുടെ എണ്ണം

36 (2016) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് സ്കൂളുകളിലും പ്ളസ് ടൂ കോഴ്സ് അനുവദിക്കുമ്പോൾ പ്രാദേശിക സാമുദായിക സന്തുലിതാവസ്ഥ പാലിക്കുവാൻ ശ്രദ്ധിക്കുമോ ;

(ബി) പ്ളസ് ടൂ കോഴ്സുകൾ അനുവദിക്കുന്ന ഗവൺമെന്റ് സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകൾ, അൺ എയ്ഡഡ് സ്കൂളുകൾ എന്നിവ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് സ്കൂളുകളിൽ പ്ളസ് ടൂ അനുവദിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ഈ വർഷം പ്ളസ് ടൂ കോഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചതേയുള്ളൂ. വിജ്ഞാപന പ്രകാരം അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 6-3-2000 ആയിരുന്നു. അപേക്ഷകൾ തരംതിരിച്ച് സ്കൂളുകളിൽ പ്ളസ് ടൂ അനുവദിച്ചതിനുശേഷമേ വ്യക്തമായ കണക്കുകൾ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

പ്ളസ് ടൂ കോഴ്സിലേയ്ക്കുള്ള പാഠ്യവിഷയങ്ങൾ

37 (2017) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളസ് ടൂ കോഴ്സിലേക്ക് ഏതെല്ലാം വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) പ്ളസ് ടൂ കോഴ്സിലേക്ക് പാഠ്യ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഏതെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയതായി ഏതെല്ലാം വിഷയങ്ങൾ പ്ളസ് ടൂ കരിക്കുലത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് ;

(ഇ) ലിംഗ്വിസ്റ്റിക്സ്, സൈക്കോളജി എന്നീ വിഷയങ്ങൾ പ്ളസ് ടൂ കരിക്കുലത്തിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ) ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ജ്യോഗ്രഫി, സോഷ്യോളജി, ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, കംപ്യൂട്ടർ സയൻസ്, ഹോം സയൻസ്, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, മ്യൂസിക് എന്നിവ ഓപ്ഷണൽ വിഷയങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് എല്ലാവർക്കും നിർബന്ധ വിഷയമാണ്. കൂടാതെ ഹിന്ദി, മലയാളം, സംസ്കൃതം, തമിഴ്, കന്നട, ഉറുദു, അറബി, ഫ്രഞ്ച്, ജർമ്മൻ, ലാറ്റിൻ, സിറിയക് എന്നിവയിൽ ഏതെങ്കിലും ഒരു ഭാഷയും പഠിക്കേണ്ടതുണ്ട്.

(ബി&സി) എൻ.സി.ഇ.ആർ.ടി.യുടെ മാതൃകയിൽ അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പ്ളസ് ടൂവിൽ പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കുന്നത്. കരിക്കുലം കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് പാഠ്യവിഷയങ്ങൾ തീരുമാനിക്കുന്നത്.

(ഡി) ഇപ്പോൾ പ്രീഡിഗ്രി കോഴ്സിൽ നിലവിലുള്ളതും എന്നാൽ ഹയർ സെക്കണ്ടറിയിൽ ഇല്ലാത്തതുമായ ഏതെങ്കിലും വിഷയം ആവശ്യമെന്നു കണ്ടാൽ പുതുതായി ഉൾപ്പെടുത്തുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

ഹരിപ്പാട് മണ്ഡലത്തിൽ പ്ളസ് ടൂ അനുവദിക്കണമെന്ന ആവശ്യം

38 (2018) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്കൂളുകളിൽ പ്ളസ് ടൂ കോഴ്സ് നിലവിലുണ്ട് ; സ്വകാര്യ മേഖല, സർക്കാർ മേഖല എന്ന ഇനത്തിൽ വ്യക്തമാക്കാമോ ;

(ബി) പുതുതായി പ്ളസ് ടൂ അനുവദിക്കുമ്പോൾ ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട മംഗലം ഹൈസ്ക്കൂൾ, നായിപ്പറമ്പ് ഹൈസ്ക്കൂൾ, വലിയഴിക്കൽ ഹൈസ്ക്കൂൾ, പല്ലന കുമാരനാശാൻ ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ പ്ളസ് ടൂ കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 520 സ്കൂളുകളിൽ പ്ളസ് ടൂ നിലവിലുണ്ട്. സർക്കാർ മേഖലയിൽ 256-ഉം സ്വകാര്യമേഖലയിൽ 272-ഉം സ്കൂളുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly